"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- തൃശ്ശൂർ കോർപ്പറേഷൻ- ഇലക്ട്രിസിറ്റി വിഭാഗത്തിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ച ശ്രീ. പരമേശ്വരക്കുറുപ്പ് ഫയൽ ചെയ്ത OA(EKM) No. 658/2019 കേസിലെ ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 03.04.2019 തീയതിയിലെ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.993/2025/LSGD തീയതി,തിരുവനന്തപുരം, 19-04-2025

പരാമർശം:-

1. സ.ഉ(കൈ) നം. 439/79/ജിഎഡി തീയതി 01.08.1979
2. സ.ഉ(പി) നം. 901/79/(116)/ഫിൻ തീയതി 03.10.1979
3. സ.ഉ(കൈ) നം. 27/91/എൽ എ ഡി തീയതി. 15.01.1991
4. തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് കമ്മീഷണറുടെ 22.12.1994 തീയതിയിലെ ഇ2(1)336/91 നമ്പർ നടപടിക്രമം
5. തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് കമ്മീഷണറുടെ 22.12.1994ലെ ന.ഇ2(1)336/91 നമ്പർ നടപടിക്രമം
6. 15/11/2018 തീയതിയിൽ ശ്രീ. പരമേശ്വരക്കുറുപ്പ് സമർപ്പിച്ച അപേക്ഷ
7. ബഹു. കേരള അഡ്മിനസ്ട്രേറ്റീവ് ട്രൈബൂണൽ OA(EKM) No. 658/2019 -ലെ 03.04.2019 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്
8. പ്രിൻസിപ്പൽ ഡയറക്ടറുടെ 10.9.2024, 15.10.2024,22.01.2025 തീയതികളിലെ LSGD/PD/55120/2023/DEE3 നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ നിന്നും സീനിയർ സൂപ്രണ്ട് തസ്തികയിൽ വിരമിച്ച ശ്രീ. കെ.ജി പരമേശ്വരക്കുറിപ്പ് ബഹു. കേരള അഡ്മിനസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഫയൽ ചെയ്ത ഒ.എ (ഇകെഎം) നമ്പർ 658/2019-ലെ ബഹു. ട്രൈബ്യൂണലിന്റെ 03.04.2019 തീയതിയിലെ ഉത്തരവിൽ അപേക്ഷകനെ നേരിൽ കേട്ടശേഷം ടിയാൻ സമർപ്പിച്ച പരാമർശം (6) അപേക്ഷയിൽ (അനക്ഷർ എ11) ഉചിതമായ തീരുമാനമെടുക്കുന്നതിന് ബഹു. കോടതി നിർദേശിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ 30.09.2023-ൽ അപേക്ഷകനെ നേരിൽ കേൾക്കുകയുണ്ടായി. 30.06.1974-ൽ സീനിയർ അസിസ്റ്റന്റായി പ്രമോഷൻ കിട്ടിയ തനിക്ക് ടി തസ്തികയിൽ 11 വർഷം പൂർത്തിയാക്കിയ 30.06.1985 മുതൽ ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിൽ ഒന്നാമത്തെ ഗ്രേഡ് ലഭിച്ച എന്നും പരാമർശം (3) ഉത്തരവിലെ ഗ്രേഡ് പ്രമോഷൻ വ്യവസ്ഥ പ്രകാരം ഒരു തസ്തികയിൽ 10 കൊല്ലം, 18 കൊല്ലം, 25 കൊല്ലം എന്നീ കാലയളവുകൾ പൂർത്തിയാക്കിയാൽ 1, 2, 3 എന്നീ ക്രമത്തിൽ ഗ്രേഡ് പ്രമോഷനുകൾക്ക് അർഹതയുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ 30.06.1974 മുതൽ സീനിയർ അസിസ്റ്റന്റ് തസ്തികയിൽ 18 കൊല്ലം പൂർത്തിയാക്കിയ 30.06.1992-ൽ സീനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിൽ രണ്ടാമത്തെ ഗ്രേഡ് പ്രമോഷൻ ലഭിച്ചതിനാൽ സീനിയർ അസിസ്റ്റന്റ് തസ്തികയിൽ 25 വർഷം പൂർത്തിയാക്കിയ 30.06.1999 മുതൽ അസിസ്റ്റന്റ് അക്കൗണ്ട്സ് ആഫീസറുടെ ശമ്പള സ്കെയിലിൽ മൂന്നാമത്തെ ഗ്രേഡ് പ്രമോഷന് അർഹതയുണ്ടെന്നും ആയത് അനുവദിക്കണമെന്നും ആവശ്യപ്പെട്ടാണ് അപേക്ഷകൻ കേസ് ഫയൽ ചെയ്തിരിക്കുന്നത്.

ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ഒരു നിശ്ചിത വർഷ യോഗ്യതാ കാലയളവിനുള്ളിൽ പ്രൊമോഷൻ ലഭിക്കാതെ തുടരുന്ന ജീവനക്കാർക്ക് പ്രൊമോഷന് തത്തുല്യമായി അനുവദിക്കുന്ന ആനുകൂല്യമാണ് സമയബന്ധിത ഹയർ ഗ്രേഡ്. പ്രവേശന തസ്തികയെ അടിസ്ഥാനമാക്കി മാത്രമേ പ്രസ്തുത ആനുകൂല്യം അനുവദിക്കുവാൻ കഴിയുകയുള്ളൂ. പരാമർശം (1) ഉത്തരവ് പ്രകാരമാണ് നോൺ ഗസറ്റഡ് ജീവനക്കാർക്ക് 01.07.1979 പ്രാബല്യത്തിൽ ആദ്യമായി 13 വർഷ സമയബന്ധിത ഹയർ ഗ്രേഡ് സ്കീം നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത ആനുകൂല്യം ഗസറ്റഡ് ജീവനക്കാർക്ക് കൂടി വ്യാപിപ്പിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുമുണ്ട്.എന്നാൽ ഈ സാഹചര്യങ്ങളിലെല്ലാം തന്നെ ജീവനക്കാരന്റെ പ്രവേശന തസ്തിക അടിസ്ഥാനമാക്കിയാണ് സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത്. ടി ചട്ടത്തിന്റെ അടിസ്ഥാനത്തിലാണ് പരാമർശം (3) ഉത്തരവിലെ clause (v)-ലെ വ്യവസ്ഥ പ്രകാരം തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിന്നും സീനിയർ സൂപ്രണ്ടായി വിരമിച്ച ശ്രീ.പരമേശ്വര കുറുപ്പിന് ടിയാന്റെ പ്രവേശന തസ്തിക (ലോവർ ഡിവിഷൻ ക്ലാർക്ക്/ജൂനിയർ അസിസ്റ്റന്റ്) കണക്കാക്കിയാണ് മൂന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കേണ്ടിയിരുന്നത്.

കൂടാതെ,ശ്രീ. പരമേശ്വരക്കുറുപ്പിന് സീനിയർ അസിസ്റ്റന്റ് പ്രൊമോഷൻ ലഭിച്ച 30.06.1974

തീയതി മുതൽ 11 വർഷ യോഗ്യതാ കാലയളവ് പൂർത്തിയാക്കിയ മുറയ്ക്ക്, 30.06.1985 പ്രാബല്യത്തിൽ ടിയാന് സമയബന്ധിത ഹയർ ഗ്രേഡ് ജൂനിയർ സൂപ്രണ്ടിന്റെ സ്കെയിലിൽ (990-1850) KSR Part I 28A ഫിക്സേഷനോട്ടു കൂടി അനുവദിച്ചു നല്കിയിട്ടുണ്ട്. തുടർന്ന് 01.11.1989 പ്രാബല്യത്തിൽ സീനിയർ സൂപ്രണ്ടായി 1585-3040 ശമ്പള സ്കെയിലിൽ 28A ഫിക്സേഷൻ നല്കി കൊണ്ട് ശമ്പള നിർണ്ണയം നടത്തിയിട്ടുണ്ട്. 01.04.1990 പ്രാബല്യത്തിൽ സൂപ്രണ്ട് തസ്തിക അബോളിഷ് ചെയ്യപ്പെട്ടത് കൊണ്ടും സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്യുന്നവരെ ജൂനിയർ സൂപ്രണ്ട് ആയി പുന:നാമകരണം ചെയ്തു കൊണ്ടും ഉത്തരവായ സാഹചര്യത്തിൽ ടിയാന്റെ സൂപ്രണ്ട് തസ്തികയിലെ ശമ്പളം സംരക്ഷിച്ചു കൊണ്ടാണ് ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിൽ (1360-2740) ശമ്പളം ഫിക്സ് ചെയ്തിട്ടുള്ളത്. 30.06.1974 മുതൽ 18 വർഷ യോഗ്യതാ കാലയളവ് പൂർത്തിയാക്കിയ മുറയ്ക്ക് ശ്രീ.പരമേശ്വരക്കുറുപ്പിന് 18 വർഷ ഗ്രേഡ് പ്രൊമോഷൻ 1800-3325 ശമ്പള സ്കെയിലിൽ 28A ഫിക്സേഷനോട്ടു കൂടി അനുവദിച്ചിട്ടുണ്ട്. എന്നാൽ ആയത് ക്രമപ്രകാരമല്ല എന്ന് കണ്ടെത്തിയതിനെ തുടർന്ന് തൃശ്ശൂർ നഗരസഭാ ഇലക്ട്രിസിറ്റി വിഭാഗം അസിസ്റ്റന്റ് കമ്മീഷണറുടെ പരാമർ ശം (4) നടപടിക്രമം പ്രകാരം റദ്ദ് ചെയ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഗ്രേഡ് പ്രൊമോഷൻ പുന:സ്ഥാപിച്ചു കിട്ടുന്നതിന് ടിയാൻ ബഹു:കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത CMP No.255/95 in OP No.155/95 കേസിലെ സ്റ്റേ ഉത്തരവിനെ തുടർന്ന് പരാമർശം (5) നടപടിക്രമം സ്റ്റേ ചെയ്യപ്പെട്ടതായും ടിയാന്റെ ശമ്പളം 01.11.1994-ൽ 2940/- രൂപയായി നിലനിന്നിരുന്നത് പ്രസ്തുത തീയതിയിൽ 3200/- ആയി പുന:നിർണ്ണയിച്ചതായും ടിയാന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിനാൽ, 15.01.1991-ലെ ജി.ഒ. (എം.എസ്) നം.27/91/എൽ.എ.ഡി ഉത്തരവിലെ ക്ലോസ് iii പ്രകാരം ശ്രീ.പരമേശ്വരകുറുപ്പിന് സീനിയർ അസിസ്റ്റന്റ് പ്രവേശന തസ്തികയായി കണക്കാക്കിയാലും, 25 വർഷ യോഗ്യതാ കാലയളവിനുള്ളിൽ ടിയാന് ഗ്രേഡ്/പ്രൊമോഷൻ വഴി മൂന്ന് KSR Part I Rule 28A ഫിക്സേഷൻ ആനുകൂല്യം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, തുടർന്നും ഗ്രേഡ് പ്രൊമോഷന് ശ്രീ. പരമേശ്വരക്കുറുപ്പിന് അർഹതയില്ലാത്തതിനാൽ ടിയാന്റെ ആവശ്യം നിരസിച്ചു കൊണ്ടും, അപ്രകാരം ശ്രീ. പരമേശ്വരക്കുറുപ്പ് ഫയൽ ചെയ്ത ഒ.എ (ഇകെഎം) നമ്പർ 658/2019 കേസിലെ 03.04.2019 തീയതിയിലെ ഉത്തരവ് നടപ്പിലാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLY

EWB3/125/2023-LSGD

സ.ഉ.(സാധാ) നം.993/2025/LSGD

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ , കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ,
എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അസിസ്റ്റന്റ് സെക്രട്ടറി, വൈദ്യുതി വിഭാഗം, കോർപ്പറേഷൻ, തൃശ്ശൂർ

ശ്രീ.പരമേശ്വര കുറുപ്പ്, സീനിയർ സൂപ്രണ്ട് (Rtd), വൈദ്യുതി വിഭാഗം,
തൃശ്ശൂർ കോർപ്പറേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), തിരുവനന്തപുരം

വെബ്&ന്യൂ മീഡിയ, ഐ.& പി.ആർഡി

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Keerthi I P
സെക്ഷൻ ഓഫീസർ
Date: 23-04-2025 10:04:41